
ST.PETER'S JACOBITE SYRIAN ORTHODOX CHURCH

KINGDOM OF BAHRAIN

The Church Bulletin

August 2011



Our Patron Saint
ST. PETER

**Our Patriarch**
His Holiness Moron Mor Ignatius Zakka I Iwas

**Our Catholicos**
His Beatitude Baselios Thomas I

**Our Patriarchal Vicar**
His Grace Pathros Mor Osthatheos

**Vicar**
Rev. Fr. Thomas Nediapalackal

**Editor**
Prageesh John Tharakan

**Type setting**
Raju P. Kurian

**Press**
Siam Printers

# *Index*


***സുറിയാനി സഭയുടെ വി.കുർബ്ബാനയുടെ സവിശേഷതകൾ***
***(Message from vicar)***

***പരിശുദ്ധാത്മദാനം വി. യോഹന്നാന്റെ സുവിശേഷത്തിൽ***

***പരിശുദ്ധനായ യൂയാക്കീം മാർ കൂറിലോസ് ബാവാ***

***Photo Gallery***

***TEN WAYS TO GET A HANDLE ON STRESS***

***Parish News***

Rev.Fr.Thomas Nediapalackal (Vicar)





# സുറിയാനി സഭയുടെ വി.കുർബ്ബാനയുടെ സവിശേഷതകൾ

നമ്മുടെ കർത്താവിൽ നിന്ന് നേരിട്ട് പ്രാപിച്ചതും പൗരസ്ത്യ പാരമ്പര്യത്തിൽ രൂപപ്പെട്ടതുമായ നമ്മുടെ വി.കുർബ്ബാന സമ്പൂർണ ആരാധനയാണ്. എല്ലാ കൂദാശകളുടെയും കേന്ദ്രവും ഉറവിടവും പൂർത്തീകരണവുമായ വി.കുർബ്ബാന വി.സഭയുടെ ജീവോച്ഛ്വാസമാണ്. കൂദാശകളുടെ രാജ്ഞി എന്ന വിശേഷിപ്പിക്കപ്പെടുന്ന വി.കുർബ്ബാന സഭയ്ക്ക് ജീവൻ നൽകുന്നതാണ്. ഇതര പാശ്ചാത്യ പാരമ്പര്യങ്ങളിൽ നിന്നും വ്യത്യസ്തമായ നമ്മുടെ വി.കുർബ്ബാനയ്ക്ക് തനതായ സവിശേഷതകളുണ്ട്. ഇത് നാം മനസ്സിലാക്കുമ്പോൾ നമ്മുടെ ആരാധന കൂടുതൽ അർത്ഥവത്തും ജീവസ്സുററതുമാകുന്നു.

***1. 'ഭയത്തോടും വിറയലോടും കൂടിയ അന്തരീക്ഷം'*** :- യശയ്യാ പ്രവാചകൻ (6-ാം അദ്ധ്യായം) ദർശനത്തിൽ കണ്ട ദൈവസാന്നിദ്ധ്യത്തിന്റെ അന്തരീക്ഷമാണ് വി.കുർബ്ബാനയിലെ അന്തരീക്ഷം. "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ,പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു". എന്നു മാലഖമാർ ആർത്തട്ടഹസിക്കുന്ന, സ്തുതികൾകൊണ്ട് മുഖരിതമായ അന്തരീക്ഷം. ആ പരിശുദ്ധമായ അന്തരീക്ഷത്തിൽ. പാപത്താൽ മലിനമാക്കപ്പെട്ട നമ്മെക്കുറിച്ച് നമ്മുക്കുതന്നെ ബോധ്യം വരുകയും ദൈവത്തിന്റെ പരിശുദ്ധിയാൽ നാം ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ ശാന്തമായ സാന്നിധ്യം നമ്മുടെ മദ്ധ്യേ ഉള്ളപ്പോൾ നമ്മുക്ക് എങ്ങിനെ ദൈവസന്നിധിയിൽ ഇരിക്കാനാകും! അതുകൊണ്ടാണ് നമ്മുടെ ആരാധനയിൽ, "ഭയത്തോടും വിറയലോടും കൂടി സൂക്ഷിക്കേണ്ട" സാഹചര്യത്തിൽ, നാം നിന്നുകൊണ്ട് ആരാധനയിൽ സംബന്ധിക്കുന്നത്.

***2. കർത്താവിന്റെ മനുഷ്യാവതാരത്തിലെ പ്രധാന സംഭവങ്ങൾ ക്രമമായി അനുസ്മരിക്കുന്നു:-***

ജനനം.മാമോദീസ - വി.കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ
പരസ്യ ശുശ്രൂഷ - വേദവായനയും പ്രസംഗവും നടത്തുമ്പോൾ
വി.കുർബ്ബാന സ്ഥാപനം - അപ്പവീഞ്ഞുകളെ വാഴ്ത്തുമ്പോൾ
മരണവും ഉയിർപ്പും - "അൻപുടയോനെ" ഗീതം ചൊല്ലുമ്പോൾ.
സ്വർഗ്ഗാരോഹണം - കാസയും പീലാസയും ആഘോഷിക്കുമ്പോൾ.
രണ്ടാമത്തെ വരവ് - തിരുശരീര രക്തങ്ങൾ ആഘോഷമായി പടിഞ്ഞാറാട്ട് എഴുന്നള്ളിക്കുമ്പോൾ.

***3.പഞ്ചേന്ദ്രിയങ്ങളുടെ പങ്കാളിത്തം***

വിശ്വാസിയുടെ സമ്പൂർണ്ണമായ പങ്കാളിത്തം വി.കുർബ്ബാനയിൽ അനിവാര്യമാ

ണ്. വിശ്വാസിയുടെ സകല ഇന്ദ്രിയങ്ങളും ആരാധനയിൽ സംബന്ധിക്കുന്നു.

a. കണ്ണ് – സഹവിശ്വാസികളെയും വിവിധ ശുശ്രൂഷകളും പ്രതീകാത്മകമായവയും വ്യംഗ്യാനുഗ്രങ്ങളും ദർശിക്കുന്നു.
b. മൂക്ക് – സുഗന്ധ ധൂപം.
c. തൊക്ക് – സമാധാനം കൊടുക്കുന്നു. കാർമ്മികന്റെ കൈ, സ്ലീബ എന്നിവ മുത്തുന്നു.
d. നാക്ക് – വി.തിരുശരീരരക്തങ്ങളും ബുർക്സയും ഭക്ഷിക്കുന്നു.
e. ചെവി – കാർമികന്റെയും ശുശ്രൂഷകരുടെയും പ്രാർത്ഥനകളും ആഹ്വാനങ്ങളും ശ്രദ്ധിച്ചുകേട്ട് പ്രതിവാക്യം ചൊല്ലുന്നു. മറുവഹസാ, കൈമണികൾ എന്നിവയുടെ ശബ്ദങ്ങൾ കേൾക്കുന്നു.

***4. വി.കുർബ്ബാന സംമ്പൂർണ്ണമായ ആരാധനയാണ്.***

ആരാധനയുടെ പ്രധാന ഘടകങ്ങളായ സ്തുതി, സ്തോത്രം, അനുതാപം, അപേക്ഷയും മദ്ധ്യസ്ഥതയും,സമർപ്പണം എന്നിവ അനുയോജ്യമായ വിധത്തിൽ സമ്മേളിക്കുന്നു.

***5. പ്രതീകാത്മകമായതിനാൽ ധ്യാനാത്മകമാണ്.***

ഓരോ പ്രതീകങ്ങളും ഗഹനങ്ങളായ ആശയങ്ങളെ കാണിക്കുന്നതാകയാൽ ധ്യാനാത്മകമായാണ്. *eg.*ഗ്മുർത്തോ,തർവോദൊ എന്നിവ പുറകോട്ട് "ദാമോ ദോസേനൊ" പറഞ്ഞു കാണിക്കുന്നു.ഇത് ക്രിസ്തുവിന്റെ വേഗത്തിലുള്ള പുനരാഗമനത്തെ കാണിക്കുന്നുവല്ലോ. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെ കാണിക്കുന്നതിനായി പട്ടക്കാരൻ കൈകൾ ആഘോഷിക്കുന്നു.
വിവിധ പ്രാർത്ഥനകളിലും ഗീതങ്ങളിലും വി.ബൈബിളിലെ സംഭവങ്ങളെയും വ്യക്തികളെയും പരമാർശിക്കുന്നതിലൂടെ ആ സംഭവങ്ങളെ നാം ധ്യാനിക്കുന്നു.

***6. വി.കുർബ്ബാന സ്വർഗ്ഗീയ ആരാധനയാണ്:–***

സകല വിശുദ്ധരും വാങ്ങിപ്പോയവരും നമ്മോടൊപ്പം സമ്മേളിക്കുന്നു. ദൈവത്തിന്റെ ശക്തമായ സാന്നിദ്ധ്യം മാലാഖമാരൊടൊന്നിച്ച് നമ്മുടെ മദ്ധ്യേ ഉണ്ടാകുന്നു. "തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്ക ന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി". എന്നു സ്തുതിക്കുമ്പോഴുള്ള അനുഭൂതി വിവരണാതീതമാകുന്നു. സകല വിശുദ്ധരുമായി ഒന്നിക്കുന്നത് എത്ര സന്തോഷകരം(1 കൊരി 1:2)

***7. വി.കുർബ്ബാന ബൗദ്ധീകമായിരിക്കുന്നതൊടൊപ്പം വൈകാരികവുമാണ്:–***

ബൗദ്ധീകമായി ഉയർന്നവരാണ് സിംബലുകൾ (പ്രതീകങ്ങൾ) ഉപയോഗിക്കുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ പ്രതീകങ്ങളുടെ ഉപയോഗങ്ങൾ ഒഴിവാക്കാനാവാത്തതാണ്. വി.സഭയുടെ ആരംഭകാലത്തിൽത്തന്നെ ആരാധനയിൽ പ്രതീകങ്ങൾ ഉപയോഗിച്ചിരുന്നു എന്നത് അഭിമാനകരമാണ്. ആരാധനയിലെ ഒരോ പ്രതീകങ്ങളുടെയും അർത്ഥങ്ങൾ നാം മനസ്സിലാക്കി ആരാധനയിൽ സംബന്ധിക്കുമ്പോൾ ആരാധന കൂടുതൽ അർത്ഥവത്തായിത്തീരുന്നു. പാശ്ചത്യ പാരമ്പര്യങ്ങൾ പിൻതുടരുന്ന പല ആധുനിക സഭകളും അവരുടെ ആരാധനയിലെ സിംബലുകളുടെ അഭാവത്തിൽ വിലപിക്കുന്നുണ്ട്.

നമ്മുടെ വി.കുർബ്ബാനയിൽ ഏറ്റവും പ്രധാന പ്രതീകം കുരിശടയാളമാണ്. കർത്താവ് കുരിശിലൂടെ നമുക്കു തന്ന രക്ഷയെ അത് വിവരിക്കുന്നുവല്ലോ. ഈ അടയാളം തന്നെ നാം additionനും, doctor-ന്റെയും, Hospital -ന്റെയും പ്രതീകമായി നാം ഉപയോഗിക്കുന്നു. എന്നാൽ ആരാധനയിൽ നാം അത് കാണുമ്പോൾ ക്രിസ്തു നമ്മുക്കു കൈവരിച്ച രക്ഷയാണ് നാം സ്മരിക്കുക. അതുകൊണ്ട് നമ്മുടെ വി.കുർബ്ബാനയിലെ ഓരോ പ്രതീകങ്ങളുടെയും അർത്ഥം വ്യക്തമായി അറിയുമ്പോൾ നമ്മുക്കു ആരാധന കൂടുതൽ അർത്ഥവത്താകുന്നു. വി.കുർബ്ബാന വൈകാരികമാണെന്നു പറയുന്നത്; മുടിയാനായ പുത്രന്റെ തിരിച്ചുവരവിന്റെ (ലൂക്കോ:13:11-32) അനുഭവം നാം വിശുദ്ധ കുർബ്ബാനയിൽ അനുഭവിക്കുന്നുണ്ട്. പിതാവെന്നു വിളിക്കുവാൻ അയോഗ്യരായിരുന്ന നമ്മെ പുത്രസ്വീകാര്യത്തിനർഹരാക്കി, പിതാവെന്നു വിളിക്കുവാൻ നമ്മെ ശക്തരാക്കുന്നു. ആ വൈകാരികത വി.കുർബ്ബാനയിൽ പ്രകടമാകുന്നുണ്ട്. (തുയോബൊയ്ക്ക് പുരോഹിതൻ വസ്ത്രം മാറുന്നത് മുടിയനായ പുത്രൻ പിതാവിന്റെ സന്നിധിയിൽ വന്നതിനുശേഷം വസ്ത്രം മാറുന്നതിനെ അനുസ്മരിക്കുന്നു)

സ്ഥല പരിമിധിമൂലം ചുരുക്കുകയാണ്. നമ്മുടെ വിശുദ്ധ കുർബ്ബാനയ്ക്ക് തനതായ പാരമ്പര്യവും സവിശേഷതകളും ഉള്ളതുകൊണ്ട് അവ ശരിക്കും മനസ്സിലാക്കുമ്പോളാണ് നമ്മുടെ ആരാധന കൂടുതൽ അനുഭവവേദ്യമാകുന്നത്. കൂടുതൽ മനസ്സിലാക്കി ധ്യാനാത്മകമായി വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ കൂടുതൽ സ്വർഗ്ഗീയാനുഭൂതിയും അനുഗ്രഹങ്ങളും നമ്മുക്കു ലഭിക്കുന്നു. സൺഡേസ്കൂളിലൂടെയുള്ള ആരാധന സഹായി പഠനം ഇന്നു പലർക്കും വി.കുർബ്ബാനയുടെ അനുഭവം സ്വർഗ്ഗീയാനുഭൂതി പകരുന്നു എന്നത് സന്തോഷകരമാണ്. നമ്മുടെ വിവിധ കൂട്ടായ്മകളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും നമ്മുടെ ആരാധനയുടെ പ്രത്യേകതകൾ കൂടുതൽ നമ്മുക്ക് മനസ്സിലാക്കി നമ്മുടെ ആരാധന നമ്മുക്ക് കൂടുതൽ അർത്ഥവത്താക്കാം.

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷയിൽ
ഫാ.തോമസ് നെടിയപാലയ്ക്കൽ

Message

Rev. Fr. Monai. K. Philip

# പരിശുദ്ധാത്മദാനം വി. യോഹന്നാന്റെ സുവിശേഷത്തിൽ

### 1.ആമുഖം

യോഹന്നാൻെറ സുവിശേഷത്തിലെ പെന്തിക്കോസ്തി എന്നറിയപ്പെടുന്ന 20–ാം അദ്ധ്യായം 19 മുതൽ 23 വരെയുള്ള വാക്യങ്ങളുടെ ഒരു പഠനമാണിവിടെ നടത്തുന്നത്. ഈ ഭാഗത്ത് യേശു പുനരുത്ഥാനം ചെയ്ത ഞായറാഴ്ച സന്ധ്യയ്ക്ക് മർക്കോസിൻെറ ഭവനത്തിൽ ശിഷ്യഗണത്തിന് പരിശുദ്ധാത്മാവിനെ നൽകുന്നു.

### 2.1.അപ്പസ്തോലപ്രവൃത്തിയിലെ പെന്തിക്കോസ്തി വിവരണവുമായുള്ള താരതമ്യം

യോഹന്നാൻ 7:37–39; 16:7 പ്രകാരം യേശുവിൻെറ മഹത്ത്വീകരണത്തോടെ പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് എഴുന്നള്ളുമെന്ന് കാണുന്നു. യോഹന്നാൻ വ്യക്തമാക്കുവാൻ ശ്രമിക്കുന്നത്, 1 കോരി 12:4 ൽ പൗലോസ് സൂചിപ്പിക്കുന്നതുപോലെ .അപ്പസ്തോലപ്രവൃത്തിയിലെയും യോഹന്നാനിലേയും വിവരണങ്ങൾ രണ്ടും വിവിധ ആത്മീയ നൽവരങ്ങളും എന്നാൽ ഒരേ ആത്മാവിൻെറ പ്രവർത്തനങ്ങളുമത്രെ എന്നാണ്. യോഹന്നാൻെറ പെന്തിക്കോസ്തി വിവരണമായ ഇവിടെ, സഭയ്ക്ക് നൽകപ്പെട്ട പരിശുദ്ധാത്മദാനത്തെയും പാപമോചന അധികാരത്തെയും പ്രത്യേകമായി കുറിക്കുന്നു. അപ്പസ്തോലപ്രവൃത്തിയിലെ വിവരണത്തിൽ അവിടെ കൂടിയിരുന്ന സകലർക്കും പരിശുദ്ധാത്മദാനം യോവേൽ പ്രവചനത്തിൻെറ നിവർത്തികരണമായി ലഭിച്ച് ക്രിസ്തീയ സഭ ജന്മം പ്രാപിച്ചു.

### 2.2.ശിഷ്യസമൂഹം എന്തിന് ഭയപ്പാടിലായിരിക്കുന്നു?

സുവിശേഷവർണ്ണനപ്രകാരം യെഹൂദന്മാരെയുള്ള ഭയം നിമിത്തം ശിഷ്യസമൂഹം ഭയപ്പാടിലാണിരിക്കുന്നത്. ശിഷ്യന്മാരുടെ ഭയപ്പാടിനുള്ള കാരണമെന്നത് യേശുവിൻെറ ശരീരം അവൻെറ ശിഷ്യന്മാർ മോഷ്ടിച്ചുകൊണ്ടുപോയി. അതിനു ശേഷം അവൻ ഉത്ഥാനം ചെയ്തു എന്ന് ജനത്തെ തെറ്റിദ്ധരിപ്പിച്ചതാണ് എന്ന് യെഹൂദ പുരോഹിത വൃന്ദങ്ങൾ നിരൂപിച്ചു. മോഷണകുറ്റം ചുമത്തി അവരെ ശിക്ഷിക്കുമോ എന്ന ഭയം നിമിത്തമായിരിക്കാം. അതുപോലെതന്നെ ശിഷ്യസമൂഹം തങ്ങളുടെ ഗുരുവായ യേശുവിനോടുകൂടെ വസിച്ചവരാണ്, ആ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരാണ്. ആയതിനാൽ യേശുവിനെ ഇല്ലാതാക്കിയതുപോലെ അവൻെറ പുതിയ ഉപദേശങ്ങളെ പൂർണ്ണമായും ഉന്മൂലനം ചെയ്യണമെങ്കിൽ, അവരെയും ഇല്ലാതാക്കണമെന്നുള്ള ചിന്ത പ്രമാണികളിൽ ഉണ്ടാകുമോ എന്ന ആശങ്ക മൂലമായിരിക്കാം അവർ ഭയപ്പാടിലായിരിക്കുന്നത്.

### 3. ദൈവശാസ്ത്രദർശനങ്ങൾ

### 3.1.യേശുവിൻെറ വ്യക്തിത്വവുമായുള്ള ബന്ധത്തിലുള്ള പ്രാധാന്യം

#### 3.1.1. ദൈവത്താൽ അയക്കപ്പെട്ടവനായ യേശു

പിതാവിൻെറ പ്രതിനിധിയായി അവിടുത്തെ ദൗത്യത്തെ നിറവേറ്റുകയെന്ന വലിയ ഉത്തരവാദിത്വവുമായി യേശു ലോകത്തിലേക്ക് അയക്കപ്പെട്ടു. പിതാവ് തന്നെ ഈ ലോകത്തിലേക്ക് അയച്ചത് മനുഷ്യകുലത്തെ അവരുടെ പാപാവസ്ഥയിൽ

Message

നിന്നും വിമോചിപ്പിച്ച് ദൈവികമായ വഴിയിൽ അവരെ നയിച്ച് പിതാവിനോട് നിരപ്പിൻെറ അനുഭവത്തിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ്.

### 3.1.2. മരണത്തിന് ശേഷവും ജീവിക്കുന്ന യേശു

തൻെറ കൈകളും വിലാപ്പുറവും കാണിക്കുന്നതിലൂടെ, മരണത്തെ കീഴ്പ്പെടുത്തിയ യേശുവിനെ ദർശിക്കുന്നു. യേശുവിൻെറ മരണം ശിഷ്യസമൂഹത്തെ അങ്കലാപ്പിലാക്കിയെങ്കിൽ ഇന്നും താൻ ജീവിക്കുന്നു എന്ന വസ്തുത ശിഷ്യഗണത്തെ സന്തോഷിപ്പിച്ചു.

### 3.1.3. ലോകത്തിന് സമാധാനം നൽകുന്ന യേശു

ഇവിടെ ആശംസിക്കുന്ന സമാധാനം യേശുവിൻെറ കുരിശിലൂടെ താൻ ലോകത്തിന് ലഭ്യമാക്കിയ പാപക്ഷമയുടേയും, വിമോചനത്തിൻേറയുമായ സമാധാനമത്രെ. യേശുവിൻെറ മരണവും ഉയിർത്തെഴുന്നേല്പ്പും മൂലം ലഭിക്കുന്ന സമാധാനമാകട്ടെ പൂർണ്ണമായി തന്നിൽ വിശ്വസിക്കുന്നവർക്ക് മാത്രം ലഭിക്കുന്നതാണ്.

### 3.1.4. ശിഷ്യസമൂഹത്തിന് പുതുജീവനെ നൽകുന്ന യേശു

ആത്മാവിനെ ഇവിടെ നൽകുന്നത് യേശുവിൻെറ ശ്വാസത്തിലൂടെയാണ്. ഊതുന്നതിന് ഉപയോഗിച്ചിരിക്കുന്ന ‘‘എംഫിസാവോ’’ എന്ന ഗ്രീക്ക് വാക്ക് തന്നെയാണ് ഉത്പത്തി 2:7 ലും യെഹസ്ക്കേൽ 37:9 ലും കാണുന്നത്. യേശു അവരുടെ മേൽ ഊതുന്നത് യഹോവയായ ദൈവം ഊതുന്നതിനോടും, തൻെറ ആത്മാവിനെ നൽകുന്നതിനോടും അതിലൂടെ ലഭ്യമാകുന്ന പുതുജീവനേയും കുറിക്കുന്നു. ഇവിടെ ഓർപ്പിക്കുന്നത് യേശുവിൻെറ സ്വർഗ്ഗാരോഹണത്തോടെ ഒരു പുതിയ ബന്ധം പരിശുദ്ധാത്മാവിലൂടെ വിശ്വാസസമൂഹത്തിന് സ്ഥാപിക്കപ്പെട്ടു എന്നതാണ്.

### 3.2. സഭയുമായുള്ള ബന്ധത്തിലുള്ള പ്രാധാന്യം

### 3.2.1. സഭയ്ക്ക് യേശു നൽകിയ ദൗത്യമാതൃക

യേശുവിൻെറ ഈ ലോകത്തിലെ ദൗത്യവും അതുവഴിയായി സഭയ്ക്കുള്ള ദൗത്യവും യോഹന്നാൻ 20:21 വെളിപ്പെടുത്തുന്നു. യേശു തൻെറ ദൗത്യമായി കണ്ടത് ദൈവപുത്രനായി ഈ ലോകത്തിൽ അവതരിച്ച് ദൈവിക അരുളപ്പാടിനെ ലോകത്തിന് നൽകി ദൈവവുമായുള്ള ബന്ധത്തെ പുതുക്കുവാനാണ്. യേശുവിനാൽ അയക്കപ്പെടുന്ന സമൂഹമായ സഭ യേശുവിൻെറ ദൗത്യം തുടരുവാനാണ് പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ടിരിക്കുന്നത്(14:12-14).

### 3.2.2. സഭ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ ശക്തീകരിക്കപ്പെട്ടിരിക്കുന്നു

യേശു നൽകുന്ന പരിശുദ്ധാത്മാവിലൂടെ യേശുവിൻെറ മരണത്തിനു ശേഷവും, തൻെറ സാന്നിദ്ധ്യം സഭയിൽ ഉണ്ടെന്ന് തെളിയിക്കുന്നു. ക്രിസ്തീയ സാക്ഷ്യം പ്രഘോഷിക്കുവാൻ പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെട്ട സഭ നിലനിൽക്കുന്നതു തന്നെ പരിശുദ്ധാത്മാവിൻെറ ആവാസവും, ശക്തികരണവും മൂലമത്രെ എന്നതിവിടെ വെളിവാകുന്നു.

### 3.2.3. സഭാ ദൗത്യം, ക്രൈസ്തവരുടെ അവകാശവും ഉത്തരവാദിത്വവും

ഈ വിവരണത്തിലൂടെ സഭയുടെ ജീവിതം, സാക്ഷ്യം, ആധികാരികത

എന്നിവയും നൽകപ്പെടുന്നു. യേശുക്രിസ്തുവിൻെറ ജീവിതത്തിൽ നിന്നും സഭയുടെ ചരിത്രത്തിലേക്കുള്ള ഒരു രൂപാന്തരം ഇവിടെ കാണുന്നു. ക്രൈസ്തവർ യേശുവിനാൽ അയക്കപ്പെട്ടവരാണ് എന്നത് ഏറ്റവും വലിയ അവകാശമത്രേ. അത് വലിയതായ ഉത്തരവാദിത്വത്തിലേക്ക് നയിക്കുന്നു. യേശുവിൻെറ ദൗത്യം തുടരുവാനുള്ള ഉത്തരവാദിത്വം. 22-ാം വാക്യപ്രകാരം വിശ്വാസിയുടെ ദൗത്യം വിശ്വാസികൾക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്.

### 3.3.കൂദാശാപരമായ പ്രാധാന്യം

പാപമോചനമെന്ന വലിയ ദൗത്യത്തിനായി യേശു ഭുമിയിൽ അവതരിച്ചതുപോലെ സഭയും പാപമോചനത്തിൻെറ കൂദാശ നിർവ്വഹിച്ച് മനുഷ്യകുലത്തെ ദൈവത്തിലേക്ക് അടുപ്പിക്കുവാനാണ് ഇവിടെ ആയിരിക്കുന്നത്. അപ്പസ്തോലന്മാർക്കും അവരിലൂടെ സഭയ്ക്കും, പാപാമോചനാധികാരം യേശു നൽകി. അപ്പസ്തോലന്മാരുടെ വിശ്വാസവും അധികാരവും സഭയിൽ നിൽക്കുന്നതിനാൽ സഭയ്ക്ക് പാപമോചന അധികാരം ഉണ്ട്. അതാണ് സഭ ഇന്നും പാപമോചനം വി.കുമ്പസാരത്തിലൂടെ വിശ്വാസസമൂഹത്തിന് നൽകുന്നതിൻെറ അടിസ്ഥാനം.

### 3.4. യുഗാന്ത്യവുമായുള്ള ബന്ധത്തിലുള്ള പ്രാധാന്യം

യേശുവിൻെറ പ്രത്യക്ഷപ്പെടലിലെ അത്ഭുതമെന്നത് ലൗകികമായ ശരീരത്തിൽ നിന്ന് വ്യത്യസ്തതയുള്ളതായിരുന്നു യേശുവിൻെറ ശരീരം. യേശുവിൻെറ സ്ഥലകാലപരിമിതികൾക്കതീതമായ ശരീരം വിശ്വാസസമൂഹത്തിന് യുഗാന്ത്യത്തിൽ കൈവരുവാനുള്ളതാണ്. 1കോരി 15:51–53–ൽ പൗലോസ് ഇത് സൂചിപ്പിക്കുന്നു. വിശ്വാസികളുടെ ശരീരം സ്ഥലപരിമിതിക്കൾതീതവും അത് രൂപാന്തരപ്പെട്ടതായിരിക്കും എന്നുള്ള ദർശനം ഈ ഭാഗം സൂചിപ്പിക്കുന്നു.

### 4. ഉപസംഹാരം

യേശുവിൻെറ ഉത്ഥാനദിവസം അപ്പസ്തോലന്മാർക്കും അതുവഴിയായി സഭയ്ക്കും പരിശുദ്ധാത്മാവിനെ യേശു നൽകി താൻ ഈ ലോകത്തിൽ ആരംഭിച്ച ദൗത്യത്തെ പൂർത്തീകരിക്കുവാനായി പാപമോചന അധികാരത്തോടെ ഏൽപ്പിക്കുമ്പോൾ കാണുന്നത് യേശു മരണത്തിൽ നിന്ന് ഉത്ഥാനം ചെയ്തുവെന്നും, സഭയ്ക്ക് ദൗത്യനിർവഹണത്തിനു വേണ്ടതായ ശക്തിയും അധികാരവും നൽകി എന്നുമാണ്. പരിശുദ്ധാത്മാവിൻെറ നടത്തിപ്പ് ലഭിച്ച സഭയുടെ ഉത്തരവാദിത്വം ഈ ലോകത്തിൽ ആയിരുന്ന് ജനത്തെ പാപമോചനത്തിലേക്ക് നയിക്കുകയെന്നതത്രെ എന്നും ഈ വേദഭാഗം ഓർപ്പിക്കുന്നു.

## ***Parish Directory***

നമ്മുടെ ഇടവകയുടെ Parish Directory പുതിയതായി ഈ വർഷം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനായി നിങ്ങളുടെ Area Co-ordinator നിന്നും ലഭിക്കുന്ന Members Data Base ൽ ഏതെങ്കിലും കാര്യങ്ങൽ ചേർക്കുവാനോ തിരുത്തുവാനോ ഉണ്ടെങ്കിൽ എത്രയും പെട്ടെന്നുതന്നെ Family Photo സഹിതം നിങ്ങളുടെ Area Co-ordinator മായോ പള്ളി Office ലോ തിരിച്ചുനൽകണ്ടതാണ്.

Sabu Varkey



# പരിശുദ്ധനായ യൂയാക്കീം മാർ കൂറിലോസ് ബാവാ

18–ാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി മലങ്കര സഭയിൽ, ആംഗ്ലിക്കൻ സഭകളുടെ കടന്ന കയറ്റം മൂലം പല തരത്തിലുള്ള നവീകരണ ആശയങ്ങൾ ഉടലെടുത്തു തുടങ്ങി. പരിശുദ്ധ മാതാവിനോടും പരിശുദ്ധ പിതാക്കൻമാരോടും മദ്ധ്യസ്ഥ പ്രാർത്ഥന, മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ ഇവയെല്ലാം ആവശ്യമില്ല മുതലായ തെറ്റായ പഠിപ്പിക്കലുകൾ മൂലം ഒരു വിഭാഗം ആളുകൾ സഭയിൽ നിന്നും വ്യതിചലിക്കുവാൻ തടങ്ങി.

മലങ്കര സഭയലെ ഈ ദുരവസ്ഥ അറിഞ്ഞ് മനസ്സലിഞ്ഞ അന്നത്തെ പാത്രയർക്കീസായിരുന്ന പരി. ഏല്യാസ് ദ്വിതീയൻ ബാവായുടെ കല്പന പ്രകാരം 1846 ചിങ്ങമാസം 26–ാം തിയതി മലങ്കരയിൽ എത്തിച്ചേർന്ന പരി. പിതാവാണ് യൂയാക്കീം മാർ കൂറിലോസ് ബാവ.

1818–ൽ തുർക്കി രാജ്യത്ത് തുറബ്ദീനിലെ ഹബബ് പട്ടണത്തിൽ മൽക്കി ബാർ ഇസ്രായേൽ എന്ന ഭക്തന്റെ മകനായാണ് കഥാപുരുഷൻ ജനിച്ചത്. ബാല്യത്തിൽ തന്നെ കൊച്ചു യൂയാക്കീം ആത്മീയ കാര്യങ്ങളിൽ അതീവ താല്പര്യം കാണിച്ചിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ സുറിയാനിയും, ദൈവശാസ്ത്രവും അതിസമർത്ഥമായി അഭ്യസിച്ച റബാച്ചനെ 1845–ൽ പരി.ഏല്യാസ് ദ്വിതീയൻ പത്രിയർക്കീസ് ബാവ (1838–1847) മാർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

മലങ്കരയിൽ എത്തിച്ചേർന്ന പിതാവിനെ; ചേപ്പാട്ട് മോർ ദീവന്നാസിയോസിന്റെ നേതൃത്വത്തിൽ സഭാ വിശ്വാസികൾ ചേർന്ന് സ്വീകരിച്ചു. നവീന സഭാ വാദികളുടെ പലതരത്തിലുള്ള ഉപദ്രവങ്ങൾ പരി.ബാവ നേരിടേണ്ടി വന്നിട്ടുണ്ട്, എല്ലാം നോമ്പ്, പ്രാർത്ഥന തുടങ്ങിവയിൽ ആശ്രയിച്ച്,ദൈവത്തോട് ചേർന്ന നിന്ന് സഹിച്ചു.

സഭയിൽ സത്യവിശ്വാസം ഉറപ്പിക്കാൻ ഒരുപാടു പ്രയത്നിച്ച പരി.ബാവ, ഫോർട്ടുകൊച്ചി തടങ്ങി പല പള്ളികളും സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി.വൈദ്യശാസ്ത്രത്തിൽ അതീവ പാണ്ഡിത്യമുണ്ടായിരുന്ന ബാവ നാനാ ജാതി മതസ്ഥരായിരുന്ന പല രോഗികളേയും ചികിത്സിച്ച് സുഖപ്പെടുത്തി.സുറിയാനി,അറബി തുടങ്ങിയ ഭാഷകളിൽ സമർത്ഥനായിരുന്ന

ബാവ 28 വർഷത്തെ മലങ്കര സഭ വാസത്തിനിടെ മലയാള ഭാഷയും നന്നായി കൈകാര്യം ചെയ്യാൻ പഠിച്ചു

പരിശുദ്ധ പിതാവ് കൂടുതൽ കാലം താമസിച്ചത് രണ്ടാം ഊർശലേം എന്നറിയപ്പെടുന്ന മുളന്തുരുത്തി മാർ തോമൻ പള്ളിയിലായിരുന്നു. ഈ കാലഘട്ടത്തിൽ തന്റെ വത്സല ശിഷ്യരായിരുന്ന ചാത്തുരുത്തിൽ ഗീവർഗ്ഗീസ് ശെമ്മാശന് കശീശാ സ്ഥാനവും,പിന്നീട് കോർ എപ്പിസകോപ്പാ സ്ഥാനവും (പിന്നീട് പരിശുദ്ധ പരുമല കൊച്ചുതിരുമേനി) കൊച്ചു പറമ്പിൽ പൗലോസിന് (പിന്നീട് കൊച്ചു പറമ്പിൽ പൗലോസ് മാർ കൂറിലോസ് തിരുമേനി) നല്കയത്.

ജീവിച്ചിരിക്കെത്തന്നെ 'ഒരു വിശുദ്ധൻ' എന്ന സഭാമക്കൾ വിശേഷിപ്പിച്ചിരുന്ന പരി.പിതാവ് 1874 സെപ്റ്റമ്പർ 2–ാം തിയതി കാലം ചെയ്തു മുളന്തുരുത്തിപ്പള്ളിയുടെ വടക്ക വശത്ത് കബറടക്കപ്പെട്ടു ആ കബറിടം ഇന്ന് വിശുദ്ധിയുടെ ഉറവിടമായി പരിലസിക്കുന്ന രോഗികൾ, മക്കളില്ലാത്തവർ, ദാരിദ്ര്യമനുഭവിക്കുന്നവർ, പലകാരണങ്ങളാൽ മനോ ദുഃഖമനുഭവിക്കുന്നവർ തുടങ്ങി അനേകായിരങ്ങൾ അവിടെ വന്ന് പ്രാർത്ഥിച്ച് വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹങ്ങൾ പ്രാപിച്ച് മടങ്ങിപ്പോകുന്നു. പരി.പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവ 10–10–2008–ൽ പരിശുദ്ധനായി പ്രഖ്യാപിച്ചു – പരി.യൂയാക്കീം മാർ കൂറിലോസു് ബാവയുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

## *കൊയ്നോണിയ–2011*

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ബഹറിനിലെ എക്യുമെനിക്കൽ സഭകളിലെ യുവജന പ്രസ്ഥാനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് "കൊയ്നോണിയ–2011" എന്ന പേരിൽ എക്യുമെനിക്കൽ യുവജന സംഗമവും ഏകദിന സെമിനാറും സംഘടിപ്പിച്ചിരിക്കുന്നു. 2011 ആഗസ്റ്റ് 31, ബുധനാഴ്ച രാവിലെ 9:00 മുതൽ വൈകീട്ട് 4:00 വരെ നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെടുന്ന സെമിനാറിനും, ചർച്ചകൾക്കും മലങ്കര സഭയിലെ അനുഗ്രഹീത സുവിശേഷ പ്രാസംഗീകനും, മന:ശാസ്ത്ര വിദഗ്ദനുമായ Rev. Fr. John paulose ( Saju Pottayil) നേതൃത്വം നൽകുന്നു

മുഖ്യ വിഷയം: ***Youth Community and peaceful Life***

## Social Service League...

## Ayurvedic Medical Camp...



























An Ayurvedic medical camp was organized and conducted by our social service league in association with Vaidyaratnam Ayurvedic centre on 22nd July at our church premise. More than 130 people participated in the camp that made it as a successful event.Dr.Prasobh conducted a class about Life Style Diseases. Free medical checkup also given to the required people.

The Social Service League members played a vital role in the event. Congratulations and all good wishes to the Social Service team who made this venture a grand success

# Summer Class in progress...

















Article

# *TEN WAYS TO GET A HANDLE ON STRESS*

Stress and tension are normal parts of life. But many persons can combat and even eliminate them through regular exercise. Exercise is a key method of working off stress and tension. There are many useful approaches to manage these problems
They are

***1.Blow off stream:*** When feels any kinds of stress, tension or anger, it is good to engage in some kind of physical activities like, exercise, gardening, playing, jogging etc. These kinds of physical activities can relieve mental or emotional stress.

***2.Talk it out:*** Emotional or mental stress can avoid by sharing the problem with a person who is very closer to you. This person could be a friend, a physician, a teacher or a psychologist.

***3.Accept hat you cannot change***: Many problems lie beyond our control, which we cannot change. The individual has to accept that. Try to relax and enjoy your own defeat or change of mind.

***4. Avoid self medication***: Many agents and chemicals including alcohol may seems to alleviate stress, do not help to adjust with stress itself. Also many such agents are habit forming and should not take without a doctor's prescription or approval.

***5.Get enough sleep and rest:*** Enough sleep and rest can increase your ability to deal with stress that invades every life at one time or another.

***6.Balance work and recreation:*** The mind need recreation as the body does. You should include some time off in your daily schedule. Loafing

may do it if no other kind of recreation is possible.

***7.Help someone:*** Doing some thing for someone else helps you to get your mind off from problems as it gets your mind off yourself and also you may win a new friend.

***8.Take one thing at a time:*** Taking a dozen tasks at onetime usually means that none of them will get done right. Arrange them either in writing or in mind and take one at a time.

***9.Meditation and Prayer:*** Try to include at least 20 minutes for meditation and prayer in your daily schedule. The power of meditation will help you to overcome stress and tension. When feels tension or stress, it is better to spend some time alone.

***10.Make yourself Available:*** Make yourself available to those who may be able to involve you in an interesting way in life, in sports activities, cultural programs or any other interesting entertainments like films, music, spend time with friends or children etc.

Stress may fly out of screen.

These approaches can help to manage stress. Try it.

## ***Job Cell***



യൂത്ത് അസോസിയേഷന്റെ അഭിമുഖ്യത്തിലുള്ള Job Cell-ന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ഉദ്യോഗാർത്ഥികൾക്കും തൊഴിൽ അവസരങ്ങൾ നൽകുവാൻ കഴിയുന്നവർക്കും JobCell ബുക്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് വിശദവിവരങ്ങൾക്ക് വികാരിയുടെ ഓഫീസുമായോ താഴെകൊടുത്തിരിക്കുന്ന E-mail-ലോ ബന്ധപ്പെടാവുന്നതാണ്.

***E-mail :- stpetersjsoc@gmail.com***

**ആഗസ്റ്റ് 14 (ഞായർ) : വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ**
**7:30ന് വി. കുർബ്ബാന**

**സെപ്തം ബർ 2 (വെള്ളിയാഴ്ച്ച) : വി.യുയാക്കിം മോർ കൂറിലോസ് ബാവയുടേയും പുണ്യശ്ലോകനായ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയുടേയും ഓർമ്മദിനം**

## അനുശോചനം

നമ്മുടെ മെമ്പറായ ശ്രീ. സാബു ജോസഫിന്റെ ഭാര്യപിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.
നമ്മുടെ മെമ്പറായ ശ്രീ. ഗീവർഗ്ഗീസ് രാജുവിന്റെ സഹോദരൻ കർത്താവിൽ നിദ്ര പ്രാപിച്ചു.
പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.



## *സമ്മർ വെക്കേഷൻ ക്ലാസ്സ്*

ഈ വർഷത്തെ സമ്മർ വെക്കേഷൻ ക്ലാസ്സിന്റെ സമാപനം ആഗസ്റ്റ് 12ാം തീയതി (വെള്ളിയാഴ്ച്ച) വി. കുർബ്ബാനന്തരം നടത്തപ്പെടുന്നതാണ്
***ഏവർക്കും സ്വാഗതം...***

## ഉപവാസപ്രാർത്ഥന

സോഷ്യൽ സർവ്വീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ ഏകദിന ഉപവാസപ്രാർത്ഥന സെപ്റ്റംബർ 1-ാം തീയതി രാവിലെ 9:30 മുതൽ 12:30 വരെ നടത്തപ്പെടുന്നു ആയതിലേക്ക് എല്ലാ ഇടവക ജനങ്ങളുടേയും ആത്മാർത്ഥമായ പങ്കാളിത്വം പ്രതീക്ഷിക്കുന്നു

***വിഷയം:***
***പരി. പാത്രിയാക്കിസ് ബാവയുടെ രോഗസൗഖ്യം***
***സ്വന്തമായി ദേവാലയം ലഭിക്കുന്നതിനുവേണ്ടി***
***മലങ്കര സഭയുടെ സമാധാനം***

ഇടവകയുടെ Parish Directoryപുതിയതായി ഇറക്കുന്നതിനാൽ ഇടവകയിൽ ഇത്രയും നാൾ അംഗത്വം എടുക്കാത്തവർ എത്രയും പെട്ടെന്ന് തന്നെ അഗത്വം എടുത്ത് സഹകരിക്കണമെന്ന് തൽപര്യപ്പെടുന്നു.

## *Social Service League*



Mr. Paulose M.K is unanimously elected as the new coordinator of the Social Service League of our church for the year 2011. We would like to congratulate him and wishing the whole team all good wishes for their future endeavors. Also we would like to appreciate last year Coordinator Mr. Anson p Isaac for the successful events they had arranged throughout the year 2010.

## *എട്ടുനോമ്പാചരണവും സുവിശേഷ മഹായോഗവും*



വി. ദൈവമാതാവിന്റെ ജനനപെരുന്നാളും സുവിശേഷയോഗവും സെപ്തറ്റംബർ 1-ാം തീയതി മുതൽ 7-ാം തീയതി വരെ താഴെ പറയുന്ന പ്രകാരം നടത്തപ്പെടുന്നു

## <u>കാര്യപരുപാടികൾ</u>

Aug. 31(ബുധൻ) 7.30ന് വി. കുർബ്വാന.

Sep. 1(വ്യാഴം) 7.00ന് സന്ധ്യാപ്രാർത്ഥന, സുവിശേഷപ്രസംഗം
**Rev. Fr.** John paulose (Saju Pottayil).

Sep.2(വെള്ളി) രാവിലെ 8:00ന് വി. കുർബ്വാന വൈകുന്നേരം 7.00ന സന്ധ്യാപ്രാർത്ഥന, സുവിശേഷപ്രസംഗം.

Sep. 3(ശനി) 6.30ന് സന്ധ്യാപ്രാർത്ഥന, സുവിശേഷപ്രസംഗം.

Sep. 4(ഞായർ) 7.00ന് സന്ധ്യാപ്രാർത്ഥന, വി. കുർബ്വാന.

Sep. 5(തിങ്കൾ) 7.00ന് സന്ധ്യാപ്രാർത്ഥന, സുവിശേഷപ്രസംഗം.

Sep. 6(ചൊവ്വ) 7.00ന് സന്ധ്യാപ്രാർത്ഥന, സുവിശേഷപ്രസംഗം

Sep.7 (ബുധനാഴ്ച്ച) വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ 7:00ന സന്ധ്യാപ്രാർത്ഥന, വി. കുർബ്വാന, പ്രസംഗം, ആശീർവാദം, നേർച്ചവിളമ്പ്

പരിശുദ്ധ ദൈവമാതവിന്റെ നാമത്തിലുള്ള എട്ടുനോമ്പുപെരുന്നാളിലും സുവിശേഷയോഗത്തിലും ഭയഭക്തിയോടെ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് താൽപര്യപ്പെടുന്നു.



# സ്വാഗതം...

ഈ വർഷത്തെ എട്ടുനോമ്പാചരണത്തിനും സുവിശേഷപ്രസംഗത്തിനുമായി കടന്നുവരുന്ന Rev. Fr. John paulose (M.A. Phil, M.A.Socio, Msc Psyc, B.D) എറണാകുളം മുളന്തുരുത്തി സ്വദേശിയും പാലക്കാമറ്റം St. George Jacobite Chappil-ൽ ശ്രുശ്രൂഷ ചെയ്തു പോരുന്നു.

അദ്ദേഹം;

***Prof. in Philosophy and Hindusim***
(The Malankara Syrian Orthodox Theological Seminary)

***Director and Dhyanaguru***
(Marthamariam Dhyanakendram, Kandanadu)

***Activities;***

Charity Mission
Counselling
Hypnotherapist
psycho - Analysist

***Other Activities;***

Bible Class
Dhyanam
Bible Convention
Social Services

എന്നീനിലകളിൽ സുത്യർഹ്യമായ സഭാശ്രുശ്രൂഷ ചെയ്തു പോരുന്നു





***Jaison Kavumkalath & Family***